പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 346 21.06.2019 ലെ മറുപടിക്ക്

## പരമ്പരാഗത കയർമേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർ തൊഴിലാളികളുടെ ജീവനോപാധി സംരക്ഷിക്കാനായി കയർമേഖലയിൽ നടപ്പിലാക്കി വരുന്ന ആധുനീകരണവും വൈവിധ്യവൽക്കരണത്തിലൂടെയുള്ള വിപണി വിപുലീകരണവും വിശദമാക്കാമോ; | എ) കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ചകിരിയുടേയും, കയറിന്റേയും, കയറുല്പന്നങ്ങളുടേയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവർത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22.64 കോടി രൂപ നൽകുന്നതിനും സാധിച്ചു. ഇത് പ്രവർത്തിദിനങ്ങൾ വർദ്ധിച്ചു എന്നതിന്റെ തെളിവാണ്.<br><br>കയർ ജിയോടെക്സ്റ്റൈയിൽസ് പദ്ധതി, കയർ കാർണിവൽ, കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കൽ, ബയൻറർലസ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ. |

| | |
|---|---|
| | സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു.അന്താരാഷ്ട്ര മേളയായ "കയർ കേരള 2017" -ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ. ജി.എസ്. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുമായും ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിലും ഈ പദ്ധതി തുടരുന്നുണ്ട്. |
| ബി) പൂർണമായ യന്ത്രവൽക്കരണത്തോടെ ആവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കുടുംബശ്രീ, നാളികേര ഉല്പാദക കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ മുതലായവ വഴി ചകിരിയുല്പാദന മില്ലുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | ബി) കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കിവരുന്നു. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനോടകം 75 ചകിരി മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. കുടുംബശ്രീ, നാളികേര ഉല്പാദക കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ മുതലായവയ്ക്ക് പദ്ധതി ചെലവിന്റെ 90% വും സ്വകാര്യ സംരംഭകർക്ക് 50% വും സബ്സിഡി നൽകി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. |
| സി) ഉല്പാദന ചെലവിന് ആനുപാതികമായി കയറിന് വില ലഭ്യമാക്കുന്നതിന് ക്രയവില സ്ഥിരതാ പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ? | സി) കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ ക്രയവില സ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കി വരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ ഏകോപിപ്പിച്ചുകൊണ്ട് |

| | |
|---|---|
| | കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും, കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസന്റീവുകൾ നൽകുന്നതുമാണ് സർക്കാർ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിന് സബ്സിഡിയായി 29.42 കോടിയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടിയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ